**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.5227

15.11.2019 ൽ മറുപടിക്ക്.

## ഉപഗ്രഹ നഗരം

| ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി 400 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള ഉപഗ്രഹ നഗരം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഉപഗ്രഹ നഗരത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെൻഡർ നടപടി ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ; | (ബി) | ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്ലാനിംഗ് കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ പുറപ്പെടുവിച്ച പ്രകാരം ലഭിച്ച 6 ബിഡുകൾ വിശദമായി പരിശോധിച്ച് വരുന്നു. |
| (സി) | അതിന്റെ ഭാഗമായി 80 കി. മീറ്റർ ദൈർഘ്യമുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അതോറിറ്റിക്കാണ് അതിന്റെ നിർമ്മാണച്ചുമതലയെന്ന് വ്യക്തമാക്കുമോ; | (സി) | വിഴിഞ്ഞം ബൈപ്പാസ് മുതൽ പാരിപ്പള്ളി വരെ ഉദ്ദേശം 80 കി.മീ. നീളത്തിൽ ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് പൊതുമരാമത്ത് വകുപ്പ് തത്വത്തിലുള്ള അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ക്കാണ് അതിന്റെ നിർമ്മാണച്ചുമതല. |
| (ഡി) | പ്രസ്തുത ഉപഗ്രഹ നഗരത്തിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിനുള്ള പണം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | പദ്ധതിയുടെ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. പദ്ധതി ചെലവ് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ